209

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE PROTECTION OF CIVIL RIGHTS ACT, 1955

(22 OF 1955)

# പൗരാവകാശ സംരക്ഷണ ആക്റ്റ്, 1955

(1955-ലെ 22-ാം നമ്പർ ആക്റ്റ്)

വില :

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റുപ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റു പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്,
1983

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE PROTECTION OF CIVIL RIGHTS ACT, 1955
(22 OF 1955)

# പൗരാവകാശ സംരക്ഷണ ആക്റ്റ്, 1955
(1955-ലെ 22-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറു പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1983

©
കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പൗരാവകാശ സംരക്ഷണ ആക്റ്റ്, 1955

## (1955-ലെ 22)

"അസ്പൃശ്യത"യെക്കുറിച്ച് ധർമ്മോപദേശം ചെയ്യുന്നതിനും അതിന്റെ ആചരണത്തിനും അതിൽനിന്നും ഉളവാകുന്ന ഏതെങ്കിലും അവശത നിർബന്ധിച്ചു ഏല്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും ശിക്ഷ നിർണ്ണയിക്കുവാനുള്ള ആക്റ്റ്.

1955 മേയ് 6.

**ഇൻഡ്യൻ** റിപ്പബ്ലിക്കിന്റെ ആറാം സംവൽസരത്തിൽ പാർലമെന്റു താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

**ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും,—**

1. (1) ഈ ആക്റ്റിന്, "പൗരാവകാശ സംരക്ഷണ" ആക്റ്റ്, 1955 എന്ന് പേർ പറയാവുന്നതാണ്.

(2) ഇതു ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇതു കേന്ദ്രഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

**നിർവ്വചനങ്ങൾ.—**

2. ഈ ആക്റ്റിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,

(ക) പൗരാവകാശങ്ങൾ "എന്നാൽ ഭരണഘടനയിലെ 17-ാം അനുച്ഛേദം 'അസ്പൃശ്യത" നിറുത്തലാക്കിയതു കാരണമായി ഒരാൾക്ക് സിദ്ധിക്കുന്ന ഏതെങ്കിലും അവകാശം എന്നു അർത്ഥമാകുന്നു.

(കക) 'ഹോട്ടലി'ൽ, ലഘുഭക്ഷണശാലയും, ബോർഡിംഗ്ഹൗസും, ലാഡ്ജിംഗ് ഹൗസും, കാഫിഹൗസും, കഫേയും ഉൾപ്പെടുന്നു.

(ഖ) "സ്ഥല"ത്തിൽ വീടും കെട്ടിടവും മററു പണിപ്പാടും കെട്ടിടപരിസരങ്ങളും ഉൾപ്പെടുന്നതും ; കൂടാരവും വാഹനവും ജലയാനവും കൂടി ഉൾപ്പെടുന്നതും ആകുന്നു.

(ഗ) "പൊതു വിനോദസ്ഥല"ത്തിൽ, പൊതുജനങ്ങൾക്ക് പ്രവേശനം നൽകുകയും വിനോദം ഏർപ്പെടുത്തുകയോ, നടത്തുകയോ ചെയ്യുകയും ചെയ്യുന്ന ഏതു സ്ഥലവും ഉൾപ്പെടുന്നു.

വിശദീകരണം— "വിനോദ"ത്തിൽ ഏതു പ്രദർശനവും, പ്രകടനവും, കളിയും കായിക വിനോദവും മറേറതു തരത്തിലുള്ള നേരമ്പോക്കും ഉൾപ്പെടുന്നു.

(ഘ) "പൊതു ആരാധനാസ്ഥലം" എന്നാൽ മതപരമായ ഒരു പൊതു ആരാധന സ്ഥലമായി ഉപയോഗിക്കപ്പെടുന്നതോ, അല്ലെങ്കിൽ ഏതെങ്കിലും മതപരമായ ശുശ്രൂഷ നടത്തുന്നതിനോ അല്ലെങ്കിൽ അവിടെ വച്ച് പ്രാർത്ഥന നടത്തുന്നതിനോ വേണ്ടി, സാമാന്യമായി, ഏതെങ്കിലും മതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നവരോ അല്ലെങ്കിൽ ഏതെങ്കിലും മതവിഭാഗത്തിലോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും പിരിവിലോ ഉള്ളവരോ ആയ ആളുകൾക്ക് സമർപ്പിക്കപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ സാമാന്യമായി അവരാൽ ഉപയോഗിക്കപ്പെടുന്നതോ ആയ ഒരു സ്ഥലം, അത് എന്തു പേരിൽ അറിയപ്പെട്ടാലും, എന്നു അർത്ഥമാകുന്നതും;

അതിൽ.—

(i) അങ്ങനെയുള്ള ഏതെങ്കിലും സ്ഥലത്തോടു ചേർന്നതോ ബന്ധമായതോ ആയ എല്ലാ ഭൂമികളും ഉപാരാധനാസ്ഥലങ്ങളും,

(ii) സ്വകാര്യ ഉടമയിലുള്ള ഏതു ആരാധനാസ്ഥലമാണോ അതിന്റെ ഉടമസ്ഥൻ പൊതു ആരാധന സ്ഥലമായി ഉപയോഗിക്കാൻ വാസ്തവത്തിൽ അനുവദിക്കുന്നതും, അങ്ങനെയുള്ള ആരാധനാസ്ഥലവും ;

(iii) അങ്ങനെയുള്ള സ്വകാര്യ ഉടമയിലെ ആരാധനാ സ്ഥലത്തോട് ചേർന്ന ഏതു ഭൂമിയോ ഉപാരാധനാസ്ഥലമോ ആണ്, അതിന്റെ ഉടമസ്ഥൻ മതപരമായ പൊതു ആരാധനാസ്ഥലമായി ഉപയോഗിക്കാൻ അനുവദിക്കുന്നതു് അങ്ങനെയുള്ള ഭൂമിയും അല്ലെങ്കിൽ ഉപാരാധനാസ്ഥലവും ;
ഉൾപ്പെടുന്നതും ആകുന്നു.

(ഘക) " നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്ന് അർത്ഥമാകുന്നു.

(ഘഖ) "പട്ടികജാതികൾ"ക്ക്, ഭരണഘടനയിലെ 366-ാം അനുച്ഛേദം 24-ാം ഖണ്ഡത്തിൽ അതിനു നൽകിയിരിക്കുന്ന അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(ങ) "കട" എന്നാൽ, സാമാനങ്ങൾ മൊത്തമായോ ചില്ലറയായോ, അല്ലെങ്കിൽ മൊത്തവും ചില്ലറയുമായോ വില്ക്കുന്ന ഏതെങ്കിലും കെട്ടിട പരിസരങ്ങൾ എന്നർത്ഥമാകുന്നതും, അതിൽ—

(i) കൊണ്ടു നടന്നു വില്ക്കുന്നവനോ വില്പനക്കാരനോ അല്ലെങ്കിൽ ചലിക്കുന്ന വാനിൽനിന്നോ വണ്ടിയിൽനിന്നോ സാമാനങ്ങൾ വില്ക്കുന്ന ഏതെങ്കിലും സ്ഥലവും;

(ii) അലക്കുശാലയും മുടിവെട്ടുന്ന സ്ഥലവും,

(iii) പതിവുകാർക്ക് സേവനങ്ങൾ ചെയ്തുകൊടുക്കുന്ന മറ്റേതെങ്കിലും സ്ഥലം,

ഉൾപ്പെടുന്നതും ആകുന്നു.

**മതപരമായ അവനിർബന്ധിച്ചേല്പിക്കുന്നതിനുള്ള ശിക്ഷ.—**

3. "അസ്പൃശ്യത" കാരണമാക്കി ഏതെങ്കിലും ആളെ—

(ക) അങ്ങനെയുള്ള ആളുടെ അതേ മതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്ന മററു ആളുകൾക്കോ അവരുടെ ഏതെങ്കിലും വിഭാഗത്തിനോ പ്രവേശനമുള്ള ഏതെങ്കിലും പൊതു ആരാധന സ്ഥലത്ത് പ്രവേശിക്കുന്നതിൽ നിന്നോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ആളുടെ അതേ മതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്ന മററു ആളുകൾക്കോ അവരുടെ ഏതെങ്കിലും വിഭാഗത്തിനോ ചെയ്യാവുന്ന അതേ രീതിയിലും ചെയ്യാവുന്നിടത്തോളവും, ഏതെങ്കിലും പൊതു ആരാധന സ്ഥലത്തുവച്ച് ആരാധിക്കുകയോ, പ്രാർത്ഥനകൾ നടത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും മതപരമായ ശുശ്രൂഷ നടത്തുകയോ; അല്ലെങ്കിൽ വിശുദ്ധമായ ഏതെങ്കിലും കുളത്തിലേയോ, കിണററിലേയോ ഉറവിലേയോ വെള്ളച്ചാലിലേയോ നദിയിലേയോ തടാകത്തിലേയോ വെള്ളത്തിൽ കുളിക്കുകയോ അതു ഉപയോഗിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള കുളത്തിന്റെയോ വെള്ളച്ചാലിന്റെയോ നദിയുടെയോ തടാകത്തിന്റെയോ ഏതെങ്കിലും കടവിൽ കുളിക്കുകയോ ചെയ്യുന്നതിൽ നിന്നോ,

തടയുന്ന ഏതൊരാളും ഒരു മാസത്തിൽ കുറയാത്തതും ആറുമാസത്തിൽ കവിയാത്തതുമായ തടവും, കൂടാതെ നൂറുരൂപയിൽ കുറയാത്തതും അഞ്ഞൂറുരൂപയിൽ കവിയാത്തതുമായ പിഴശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം— ഈ വകുപ്പിന്റെയോ 4-ാം വകുപ്പിന്റെയോ ആവശ്യങ്ങൾക്ക്, ബുദ്ധമതത്തിലോ, സിക്കുമതത്തിലോ, ജൈനമതത്തിലോ വിശ്വാസം പ്രകടിപ്പിക്കുന്ന ആളുകളോ അല്ലെങ്കിൽ ഹിന്ദുമതത്തിൽ അതിന്റെ ഏതു രൂപത്തിലും വികാസ രൂപത്തിലുമായാലും വീരശൈവരും, ലിങ്കായത്തുകളും ആദിവാസികളും, ബ്രഹ്മസമാജ്, പ്രാർത്ഥനാസമാജ് ആര്യസമാജ്, സ്വാമിനാരായൺ സംപ്രദായ് എന്നിവയുടെ അനുയായികളും ഉൾപ്പെടെ വിശ്വാസം പ്രകടിപ്പിക്കുന്ന ആളുകളോ ഹിന്ദുക്കളായി കരുതപ്പെടുന്നതാകുന്നു.

**സാമൂഹ്യമായ അവശതകൾ നിർബന്ധിച്ചേല്പിക്കുന്നതിനുള്ള ശിക്ഷ.—**

4. "അസ്പൃശ്യത" കാരണമാക്കി ഏതെങ്കിലും ആൾക്ക് എതിരായി—

(i) ഏതെങ്കിലും കടയിലോ പൊതുഭോജനശാലയിലോ ഹോട്ടലിലോ പൊതു വിനോദസ്ഥലത്തോ പ്രവേശിക്കുന്നതോ; അല്ലെങ്കിൽ

(ii) സാമാന്യേനയുള്ള പൊതുജനങ്ങളുടേയോ അവരുടെ ഏതെങ്കിലും വിഭാഗത്തിന്റെയോ ഉപയോഗത്തിനായി ഏതെങ്കിലും പൊതുഭോജനശാലയിലോ, ഹോട്ടലിലോ, ധർമ്മശാലയിലോ, സറായിയിലോ, മുസാഫിർ ഖാനായിലോ സൂക്ഷിച്ചിട്ടുള്ള ഏതെങ്കിലും പാത്രങ്ങളും മററുസാധനങ്ങളും ഉപയോഗിക്കുന്നതോ; അല്ലെങ്കിൽ

(iii) ഏതെങ്കിലും വൃത്തിയിലോ ജീവനത്തിലോ ഏർപ്പെടുകയോ, ഏതെങ്കിലും വ്യാപാരമോ ബിസ്സിനസ്സോ ഏതെങ്കിലും ജോലിയിലെ നിയോജനമോ നടത്തിക്കൊണ്ടുപോകുകയോ ചെയ്യുന്നതോ, അല്ലെങ്കിൽ

(iv) മററു പൊതുജനങ്ങൾക്കോ അവരുടെ ഏതെങ്കിലും വിഭാഗത്തിനോ, ഉപയോഗത്തിനോ പ്രവേശനത്തിനോ അവകാശമുള്ള ഏതെങ്കിലും നദിയോ, അരുവിയോ, ഉറവോ കിണറോ, കുളമോ, നീർത്തൊട്ടിയോ, വെള്ളമെടുക്കുന്ന ടാപ്പോ, വെള്ളത്തിനുള്ള മററു സ്ഥലമോ, അല്ലെങ്കിൽ ഏതെങ്കിലും സ്നാനഘട്ടമോ, കടവോ, ശവം അടക്കം ചെയ്യുന്നതോ ദഹിപ്പിക്കുന്നതോ ആയ സ്ഥലമോ, ഏതെങ്കിലും ശുചീകരണം സംബന്ധിച്ച മറപ്പുരയോ, ഏതെങ്കിലും റോഡോ, വഴിയോ അല്ലെങ്കിൽ മറേറതെങ്കിലും പൊതുഗമ്യസ്ഥലമോ ഉപയോഗിക്കുകയോ, അവിടെ പ്രവേശിക്കുകയോ ചെയ്യുന്നതോ –അല്ലെങ്കിൽ

(v) പൂർണ്ണമായോ ഭാഗികമായോ, സ്റ്റേറ്റിന്റെ പണം കൊണ്ട് സംരക്ഷിക്കപ്പെടുന്നവയോ സാമാന്യേനയുള്ള പൊതു ജനങ്ങളുടേയോ അവരുടെ ഏതെങ്കിലും വിഭാഗത്തിന്റേയോ ഉപയോഗത്തിന്നായി സമർപ്പിക്കപ്പെട്ടവയോ ആയതും ധർമ്മപരമായ ആവശ്യത്തിന്നോ പൊതുവായ ആവശ്യത്തിന്നോ ഉപയോഗിക്കപ്പെടുന്നതോ ആയ ഏതെങ്കിലും സ്ഥലം ഉപയോഗിക്കുകയോ അവിടെ പ്രവേശിക്കുകയോ ; ചെയ്യുന്നതോ അല്ലെങ്കിൽ

(vi) സാമാന്യേനയുള്ള പൊതുജനങ്ങളുടേയോ അവരുടെ ഏതെങ്കിലും വിഭാഗത്തിന്റേയോ ഗുണത്തിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ധർമ്മപരമായ ഒരു ട്രസ്റ്റിൻകീഴിലുള്ള ഏതെങ്കിലും ഗുണം അനുഭവിക്കുന്നതോ ; അല്ലെങ്കിൽ

(vii) ഏതെങ്കിലും പൊതുവാഹനം ഉപയോഗിക്കുകയോ അല്ലെങ്കിൽ അതിൽ പ്രവേശിക്കുകയോ ചെയ്യുന്നതോ ; അല്ലെങ്കിൽ

(viii) ഏതെങ്കിലും പ്രദേശത്ത്, അത് ഏതായാലും, താമസത്തിനുള്ള ഏതെങ്കിലും കെട്ടിടപരിസരങ്ങൾ ഉണ്ടാക്കുകയോ ആർജ്ജിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നതോ ; അല്ലെങ്കിൽ

(ix) സാമാന്യേനയുള്ള പൊതുജനങ്ങൾക്കോ അവരുടെ ഏതെങ്കിലും വിഭാഗത്തിനോ തുറന്നുകൊടുത്തിട്ടുള്ള ഏതെങ്കിലും ധർമ്മശാലയോ, സറായിയോ, മുസാഫിർഖാനയോ ഉപയോഗിക്കുന്നതോ ; അല്ലെങ്കിൽ

(x) സാമൂഹ്യമോ മതപരമോ ആയ ഏതെങ്കിലും ആചാരമോ വഴക്കമോ അടിയന്തിരമോ, അനുഷ്ഠിക്കുകയോ, അല്ലെങ്കിൽ ഏതെങ്കിലും മതപരമോ സാമൂഹ്യമോ സാംസ്കാരികമോ ആയ ഘോഷയാത്രയിൽ പങ്കെടുക്കുകയോ അതു നടത്തുകയോ ചെയ്യുന്നതോ ; അല്ലെങ്കിൽ

(xi) ആഭരണവും അലങ്കാരവസ്തുവും ഉപയോഗിക്കുന്നതോ ;

സംബന്ധിച്ച് ഏതെങ്കിലും അവശത നിർബന്ധിച്ചേൽപ്പിക്കുന്ന ഏതൊരാളും ഒരു മാസത്തിൽ കുറയാത്തതും ആറുമാസത്തിൽ കവിയാത്തതുമായ തടവു ശിക്ഷയും കൂടാതെ നൂറുരൂപയിൽ കുറയാത്തതും അഞ്ഞൂറു രൂപയിൽ കവിയാത്തതുമായ പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

<u>വിശദീകരണം.</u>— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, "ഏതെങ്കിലും അവശത നിർബന്ധിച്ചേൽപ്പിക്കൽ"ലിൽ "അസ്പൃശ്യത" കാരണമാക്കിയുള്ള ഏതു വിവേചനവും ഉൾപ്പെടുന്നു.

**ആശുപത്രി മുതലായവയിൽ ആളുകളെ പ്രവേശിപ്പിക്കാൻ വിസമ്മതിക്കുന്നതിനുള്ള ശിക്ഷ.**

5. "അസ്പൃശ്യത" കാരണമായി

(ക) ഏതെങ്കിലും ആശുപത്രിയോ, ഡിസ്പെൻസറിയോ, വിദ്യാഭ്യാസ സ്ഥാപനമോ അല്ലെങ്കിൽ ഏതെങ്കിലും ഹോസ്റ്റലോ, സാമാന്യേനയുള്ള പൊതുജനങ്ങളുടേയോ അല്ലെങ്കിൽ അവരിൽ ഏതെങ്കിലും വിഭാഗത്തിന്റേയോ ഗുണത്തിനായി സ്ഥാപിച്ചിട്ടുള്ളതോ സംരക്ഷിക്കപ്പെടുന്നതോ ആയിരിക്കുന്നിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും ആശുപത്രിയിലോ ഡിസ്പെൻസറിയിലോ വിദ്യാഭ്യാസസ്ഥാപനത്തിലോ ഹോസ്റ്റലിലോ ഏതെങ്കിലും ആൾക്ക് പ്രവേശനം നൽകാൻ വിസമ്മതിക്കുകയോ ; അല്ലെങ്കിൽ

(ഖ) മുൻപറഞ്ഞ സ്ഥാപനങ്ങളിൽ ഏതിലെങ്കിലും പ്രവേശനം നൽകിയതിനുശേഷം, അങ്ങനെയുള്ള ആൾക്കെതിരായി വിവേചനം കാണിക്കുന്ന ഏതെങ്കിലും കൃത്യം ചെയ്യുകയോ,

ചെയ്യുന്ന ഏതൊരാളും ഒരു മാസത്തിൽ കുറയാത്തതും ആറുമാസത്തിൽ കവിയാത്തതുമായ തടവുശിക്ഷയും കൂടാതെ നൂറുരൂപയിൽ കുറയാത്തതും അഞ്ഞൂറു രൂപയിൽ കവിയാത്തതുമായ പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

**സാധനങ്ങൾ വിൽക്കുവാനോ സേവനങ്ങൾ ചെയ്തുകൊടുക്കാനോ വിസമ്മതിക്കുന്നതിനുള്ള ശിക്ഷ.**

6. "അസ്പൃശ്യത" കാരണമാക്കി, ഏതെങ്കിലും ആൾക്ക്, സാധാരണ ബിസിനസ്സ് മുറയിൽ ഏതെങ്കിലും സാമാനമോ സേവനമോ മററാളുകൾക്ക് അങ്ങനെയുള്ള സാമാനം വില്ക്കുകയോ സേവനം ചെയ്തു കൊടുക്കുകയോ ചെയ്യുന്ന അതേ സമയത്തും സ്ഥലത്തും വച്ചും അതേ നിബന്ധനകളിൻമേലും ഉപാധികളിൻമേലും വിൽക്കുവാനോ ചെയ്തു കൊടുക്കുവാനോ വിസമ്മതിക്കുന്ന ഏതൊരാളും ഒരു മാസത്തിൽ കുറയാത്തതും ആറുമാസത്തിൽ കവിയാത്തതുമായ തടവുശിക്ഷയും കൂടാതെ നൂറു രൂപയിൽ കുറയാത്തതും അഞ്ഞൂറു രൂപയിൽ കവിയാത്തതുമായ പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

**അസ്പൃശ്യതയിൽ നിന്നു ഉത്ഭവിക്കുന്ന മററു കുററങ്ങൾക്കുള്ള ശിക്ഷ.**

7. (1) ഏതൊരാളാണോ —

(ക) ഏതെങ്കിലും ആളെ, അയാൾക്ക് ഭരണഘടനയിലെ 17-ാം അനുഛേദത്തിൻ കീഴിൽ "അസ്പൃശ്യത" നിറുത്തലാക്കിയതു കാരണം സിദ്ധിച്ച ഏതെങ്കിലും അവകാശം പ്രയോഗിക്കുന്നതിൽ നിന്നു തടയുകയോ ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തിന്റെ പ്രയോഗത്തിൽ ഏതെങ്കിലും ആളെ അസഹ്യപ്പെടുത്തുകയോ, ക്ഷതിപ്പെടുത്തുകയോ, അലട്ടുകയോ, തടസ്സപ്പെടുത്തുകയോ, തടസ്സത്തിന് കാരണമാക്കുകയോ, അതിന് ശ്രമിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അവകാശം പ്രയോഗിച്ചു എന്ന കാരണത്താൽ ഏതെങ്കിലും ആളെ അസഹ്യപ്പെടുത്തുകയോ, ക്ഷതിപ്പെടുത്തുകയോ, അലട്ടുകയോ, ബഹിഷ്കരിക്കുകയോ ; അല്ലെങ്കിൽ

(ഗ) പറയുകയോ എഴുതുകയോ ചെയ്യുന്ന വാക്കുകളാലോ അല്ലെങ്കിൽ ആംഗ്യങ്ങളാലോ ദൃശ്യമായ പ്രതിരൂപണങ്ങളാലോ മററു പ്രകാരത്തിലോ ഏതെങ്കിലും ആളെയോ ആളുകളുടെ വർഗ്ഗത്തേയോ അല്ലെങ്കിൽ പൊതുജനങ്ങളെ സാമാന്യമായോ "അസ്പൃശ്യത", ഏതു രൂപത്തിലുള്ളതായാലും, ആചരിക്കുവാൻ ഇളക്കിവിടുകയോ പ്രോൽസാഹിപ്പിക്കുകയോ, അല്ലെങ്കിൽ

(ഘ) പട്ടികജാതിയിലെ ഒരംഗത്തെ 'അസ്പൃശ്യത' കാരണമാക്കി അപമാനിക്കുകയോ അപമാനിക്കാൻ ശ്രമിക്കുകയോ,

ചെയ്യുന്നത്, അയാറം ഒരു മാസത്തിൽ കുറയാത്തതും ആറുമാസത്തിൽ കവിയാത്തതുമായ തടവുശിക്ഷയും കൂടാതെ നൂറുരൂപയിൽ കുറയാത്തതും അഞ്ഞൂറു രൂപയിൽ കവിയാത്തതുമായ പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം (I) :— ഏതൊരാളാണോ —

(ക) മററാരാറംക്ക് ഏതെങ്കിലും വീടോ ഭൂമിയോ വാടകയ്ക്ക് കൊടുക്കാൻ വിസമ്മതിക്കുകയോ, അല്ലെങ്കിൽ അത് ഉപയോഗിക്കുവാനോ കൈവശം വയ്ക്കുവാനോ അയാളെ അനുവദിക്കുവാൻ വിസമ്മതിക്കുകയോ. അല്ലെങ്കിൽ മററാരാളുമായി ഇടപെടാനോ, അയാറംക്ക് പണി ചെയ്യുവാനോ, അയാറംക്ക് കൂലിവേല ചെയ്യുവാനോ അല്ലെങ്കിൽ അയാളുമായി ബിസിനസ്സ് ചെയ്യുവാനോ അല്ലെങ്കിൽ ഏതെങ്കിലും പതിവ് പ്രകാരമുള്ള സേവനങ്ങറം അയാറംക്ക് ചെയ്തു കൊടുക്കാനോ അയാളിൽനിന്ന് സ്വീകരിക്കുവാനോ വിസമ്മതിക്കുകയോ, അല്ലെങ്കിൽ മേല്പറഞ്ഞ സംഗതികളിൽ ഏതെങ്കിലും, സാധാരണ ബിസിനസ്സ് മുറയിൽ സാധാരണമായി ചെയ്യപ്പെടുന്ന നിബന്ധനകളിൻമേൽ ചെയ്യുവാൻ വിസമ്മതിക്കുകയോ ; അല്ലെങ്കിൽ

(ഖ) മററാരാളുമായി അയാറം സാധാരണമായി നിലനിറുത്താറുള്ള സാമൂഹ്യമോ വൃത്തിപരമോ, ബിസിനസ്സ് പരമോ ആയ ബന്ധങ്ങറം നിലനിറുത്താതിരിക്കുകയോ ചെയ്യുന്നത്,

അയാറം അങ്ങനെയുള്ള മററയാളെ ബഹിഷ്കരിക്കുന്നതായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം (II) :— (ഗ) ഖണ്ഡത്തിൻെറ ആവശ്യങ്ങറംക്ക്, ഒരാറം —

(i) നേരിട്ടോ അല്ലാതെയോ "അസ്പൃശ്യത"യെക്കുറിച്ചോ അതിൻെറ ഏതെങ്കിലും രൂപത്തിലുള്ള ആചരണത്തെക്കുറിച്ചോ ധർമ്മോപദേശം ചെയ്യുകയോ ;
അല്ലെങ്കിൽ

(ii) "അസ്പൃശ്യത"യെ ഏതെങ്കിലും രൂപത്തിൽ ന്യായീകരിക്കുകയോ അതു ചരിത്രപരമോ ദാർശനികമോ മതപരമോ ആയ കാരണങ്ങളിൻമേലോ ജാതി സമ്പ്രദായത്തിൻെറ ഏതെങ്കിലും പാരമ്പര്യത്തിൻെറ കാരണത്തിൻമേലോ ആയാലും,

ചെയ്യുന്നുവെങ്കിൽ, അയാറം "അസ്പൃശ്യത"യുടെ ആചരണത്തിന് ഇളക്കിവിടുകയോ പ്രോൽസാഹിപ്പിക്കുകയോ ചെയ്യുന്നതായി കരുതപ്പെടുന്നതാകുന്നു.

(1ക) ഏതെങ്കിലും വ്യക്തിയുടെ ശരീരത്തിനോ വസ്തുവിനോ എതിരായി, ഭരണഘടനയിലെ (17)-ാം അനുച്ഛേദത്തിൻ കീഴിൽ "അസ്പൃശ്യത" നിറുത്തലാക്കിയതു കാരണമായി അയാറംക്ക് സിദ്ധിച്ച ഏതെങ്കിലും അവകാശം പ്രയോഗിച്ചിട്ടുള്ളതിനു പ്രതികാരമായോ പകവീട്ടലായോ ഏതെങ്കിലും കുററം ചെയ്യുന്ന ഏതൊരാളും, ആ കുററം രണ്ടു വർഷത്തിൽ കവിയുന്ന തടവു നൽകി ശിക്ഷിക്കപ്പെടാവുന്നതാണെങ്കിൽ, രണ്ടു വർഷത്തിൽ കുറയാത്ത തടവുശിക്ഷയും കൂടാതെ പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) ഏതൊരാളാണോ —

(i) തൻെറ സമുദായത്തിലോ അതിലെ ഏതെങ്കിലും വിഭാഗത്തിലോ പെട്ട ഏതെങ്കിലും ആറംക്ക് അങ്ങനെയുള്ള സമുദായത്തിലേയോ വിഭാഗത്തിലേയോ ഒരംഗമെന്ന നിലയിൽ അയാറംക്ക് അവകാശപ്പെടുന്ന ഏതെങ്കിലും അവകാശമോ വിശേഷാവകാശമോ നിഷേധിക്കുകയോ, അല്ലെങ്കിൽ

(ii) അങ്ങനെയുള്ള ആറം "അസ്പൃശ്യത" ആചരിക്കുവാൻ വിസമ്മതിച്ചിട്ടുണ്ടെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള ആറം ഈ ആക്ററിൻെറ ലക്ഷ്യങ്ങറം പുരോഗമിപ്പിക്കുന്നതിൽ ഏതെങ്കിലും കൃത്യം ചെയ്തിട്ടുണ്ടെന്നോ ഉള്ളത് കാരണമാക്കി അങ്ങനെയുള്ള ആറംക്ക് ഭ്രഷ്ട് കൽപ്പിക്കുന്നതിൽ ഏതെങ്കിലും പങ്ക് വഹിക്കുകയോ,

ചെയ്യുന്നത്, അയാറം ഒരു മാസത്തിൽ കുറയാത്തതും ആറുമാസത്തിൽ കവിയാത്തതുമായ തടവുശിക്ഷയും നൂറു രൂപയിൽ കുറയാത്തതും അഞ്ഞൂറു രൂപയിൽ കവിയാത്തതുമായ പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

നിയമവിരുദ്ധമായി നിർബന്ധിച്ച് തൊഴിൽ ചെയ്യിക്കൽ "അസ്പൃശ്യത"യുടെ ആചരണമായി കരുതപ്പെടുന്നത് എപ്പോഴെന്ന്.

7ക. (1) "അസ്പൃശ്യത" കാരണമാക്കി ഏതെങ്കിലും ആളെ ഏതെങ്കിലും തോട്ടിപ്പണിയോ തൂപ്പുപണിയോ ചെയ്യാനോ ഏതെങ്കിലും പിണം നീക്കം ചെയ്യാനോ ഏതെങ്കിലും മൃഗത്തെ തോലുരിക്കാനോ അല്ലെങ്കിൽ പൊക്കിൾകൊടി നീക്കം ചെയ്യാനോ, സദൃശ പ്രകൃതത്തിലുള്ള മറ്റേതെങ്കിലും പണിചെയ്യാനോ നിർബന്ധിക്കുന്ന ഏതൊരാളും "അസ്പൃശ്യത"യിൽനിന്ന് ഉത്ഭവിക്കുന്ന അവശത നിർബന്ധിച്ചേല്പ്പിച്ചിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

(2) 1-ാം ഉപവകുപ്പിൻകീഴിൽ "അസ്പൃശ്യത"യിൽ നിന്നു ഉത്ഭവിക്കുന്ന അവശത നിർബന്ധിച്ചേല്പ്പിച്ചിട്ടുള്ളതായി കരുതപ്പെടുന്ന ഏതൊരാളും മൂന്നു മാസത്തിൽ കുറയാത്തതും ആറുമാസത്തിൽ കവിയാത്തതുമായ കാലത്തെ തടവു ശിക്ഷയും കൂടാതെ നൂറു രൂപയിൽ കുറയാത്തതും അഞ്ഞൂറു രൂപയിൽ കവിയാത്തതുമായ പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

<u>വിശദീകരണം</u>.— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് "നിർബന്ധ"ത്തിൽ സാമൂഹ്യമോ സാമ്പത്തികമോ ആയ ബഹിഷ്ക്കരണത്തിന്റെ ഭീഷണിയും ഉൾപ്പെടുന്നു.

ചില സംഗതികളിൽ ലൈസൻസുകൾ റദ്ദാക്കുകയോ സസ്പെൻഡ് ചെയ്യുകയോ ചെയ്യുന്നത്.

8. 6-ാം വകുപ്പിൻകീഴിലുള്ള ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ട ഒരാൾ; തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ഏത് വൃത്തിയോ, വ്യാപാരമോ ജീവികയോ, നിയോജനമോ സംബന്ധിച്ചാണോ ആ കുറ്റം ചെയ്തിട്ടുള്ളത്, ആ കൃത്യമോ, വ്യാപാരമോ, ജീവികയോ, നിയോജനമോ സംബന്ധിച്ച് അയാൾക്ക് ഏതെങ്കിലും ലൈസൻസ് ഉണ്ടെങ്കിൽ ആ കുറ്റം വിചാരണ ചെയ്യുന്ന കോടതിക്ക്, ആ വകുപ്പിൻകീഴിൽ അങ്ങനെയുള്ള ആൾ അർഹിക്കുന്ന മറ്റേതെങ്കിലും ദണ്ഡനത്തിന് ഭംഗം വരാത്തവിധം, ലൈസൻസ് റദ്ദാക്കപ്പെട്ടിരിക്കുന്നുവെന്നോ, കോടതിയ്ക്ക് യുക്തമെന്നു തോന്നുന്ന കാലത്തേയ്ക്ക് സസ്പെൻഡ് ചെയ്തിരിക്കുന്നുവെന്നോ നിദേശിക്കാവുന്നതും, അപ്രകാരം ഒരു ലൈസൻസ് റദ്ദാക്കുകയോ സസ്പെൻഡ് ചെയ്യുകയോ ചെയ്യുന്ന കോടതിയുടെ ഏത് ഉത്തരവിനും, അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ ആ ലൈസൻസ് റദ്ദാക്കാനോ സസ്പെൻഡ് ചെയ്യാനോ ക്ഷമതയുള്ള അധികാരസ്ഥാനം പുറപ്പെടുവിച്ചതായിരുന്നാലെന്നപോലെ പ്രഭാവമുണ്ടായിരിക്കുന്നതുമാണ്.

<u>വിശദീകരണം</u>.— ഈ വകുപ്പിൽ "ലൈസൻസ്"ൽ പെർമിറ്റോ അനുവാദമോ ഉൾപ്പെടുന്നു.

ഗവൺമെൻറ് നല്കുന്ന ഗ്രാൻറുകൾ തിരിച്ചെടുക്കുകയോ നിറുത്തി വയ്ക്കുകയോ ചെയ്യുന്നത്.

9. ഗവൺമെൻറിൽ നിന്ന് ഭൂമിയോ പണമോ ഗ്രാൻറായി കിട്ടുന്ന ഒരു പൊതു ആരാധനസ്ഥലത്തിൻേറയോ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൻേറയോ ഹോസ്റ്റലിൻേറയോ മാനേജരോ ട്രസ്റ്റിയോ ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും അങ്ങനെയുള്ള കുറ്റസ്ഥാപനം ഏതെങ്കിലും അപ്പീലിലോ റിവിഷനിലോ മറിച്ചാക്കപ്പെടുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യാതിരിക്കുകയും ചെയ്യുന്നിടത്ത്, ഗവൺമെൻറിന്, അതിന്റെ അഭിപ്രായത്തിൽ, സംഗതിയുടെ പരിതഃസ്ഥിതികൾ, അങ്ങനെയുള്ള നടപടി നീതീകരിക്കുന്നുവെങ്കിൽ അങ്ങനെയുള്ള ഗ്രാൻറ് മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ നിറുത്തിവയ്ക്കുകയോ തിരിച്ചെടുക്കുകയോ ചെയ്യാൻ നിദേശിക്കാവുന്നതാണ്.

കുറ്റത്തിനുള്ള പ്രേരണ

10. ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും കുറ്റത്തിന് പ്രേരണ നൽകുന്ന ഏതൊരാളും ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

<u>വിശദീകരണം</u>—ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റത്തിന്റെ അന്വേഷണത്തിൽ മനഃപൂർവ്വം ഉപേക്ഷ വരുത്തുന്ന പബ്ലിക് സർവൻറ് ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് പ്രേരണ നൽകിയിട്ടുള്ളതായി കുരുതപ്പെടുന്നതാകുന്നു.

കൂട്ടപ്പിഴ ചുമത്താൻ സ്റ്റേറ്റ് ഗവൺമെൻറിനുള്ള അധികാരം

10 ക. (1) ഒരു പ്രദേശത്തിലെ നിവാസികൾ ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ചെയ്യുന്നതിൽ ബന്ധപ്പെട്ടിരിക്കുകയോ, അതിന് പ്രേരണ നൽകിക്കൊണ്ടിരിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യുന്നതിൽ ബന്ധപ്പെട്ട ആളുകൾക്ക് സംശ്രയം നൽകിക്കൊണ്ടിരിക്കുകയോ അല്ലെങ്കിൽ കുറ്റക്കാരനെയോ കുറ്റക്കാരേയോ കണ്ടുപിടിക്കാനോ പിടിക്കാനുള്ള തങ്ങളുടെ കഴിവിലുള്ള എല്ലാ സഹായവും നൽകാതിരിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്തതിന്റെ സാരമായ തെളിവ് മറച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നുവെന്ന നിർണ്ണയിക്കപ്പെടുന്ന രീതിയിലുള്ള അന്വേഷണ വിചാരണക്കുശേഷം ബോദ്ധ്യപ്പെടുന്നുവെങ്കിൽ, സ്റ്റേററ് ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അങ്ങനെയുള്ള നിവാസികളുടെമേൽ കൂട്ടപ്പിഴ ചുമത്തുകയും അങ്ങനെയുള്ള പിഴ, അത് കൂട്ടായി കൊടുക്കാൻ ബാദ്ധ്യസ്ഥരായ നിവാസികൾക്കിടയിൽ വീതിക്കുകയും ചെയ്യാവുന്നതും, അങ്ങനെ വീതിക്കുന്നത് അങ്ങനെയുള്ള നിവാസികളുടെ യഥാക്രമമുള്ള സാമ്പത്തികശേഷി അനുസരിച്ചായിരിക്കേണ്ടതും അങ്ങനെ വീതിക്കുന്നതിന് സ്റ്റേററ് ഗവൺമെൻറിന് അങ്ങനെയുള്ള പിഴയുടെ ഒരു ഭാഗം ഒരു ഹിന്ദു അവിഭക്ത കുടുംബത്തിന് ആ കുടുംബം നൽകേണ്ടതായി തിരിച്ചുവയ്ക്കാവുന്നതും ആകുന്നു :

എന്നാൽ, ഒരു നിവാസിക്ക് വീതിച്ച പിഴ അയാൾ (3)-ാം ഉപവകുപ്പിൻ കീഴിൽ ഫയൽ ചെയ്യുന്ന ഹർജി വല്ലതുമുണ്ടെങ്കിൽ, അത് തീർച്ച ചെയ്യുന്നതു വരെ വസൂലാക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ചെയ്യുന്ന വിജ്ഞാപനം, മുരശടിച്ചോ അല്ലെങ്കിൽ കൂട്ടപ്പിഴ ചുമത്തിയത് ആ പരിതഃസ്ഥിതികളിൽ മുൻപറഞ്ഞ പ്രദേശത്തിലെ നിവാസികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഏററവും നല്ലതെന്ന് സ്റേററ് ഗവൺമെൻറിന് തോന്നുന്ന മററു രീതിയിലോ ആ പ്രദേശത്തിൽ വിളംബരം ചെയ്യേണ്ടതാകുന്നു.

(3) (ക) (1)-ാം ഉപവകുപ്പിൻ കീഴിലെ കൂട്ടപ്പിഴ ചുമത്തലിനാലോ അല്ലെങ്കിൽ വീതിക്കൽ ഉത്തരവിനാലോ സങ്കടക്കാരനായ ഏതെങ്കിലും ആൾക്ക്, അങ്ങനെയുള്ള പിഴയിൽനിന്ന് ഒഴിവാക്കപ്പെടുന്നതിനോ വീതിക്കൽ ഉത്തരവു രൂപഭേദപ്പെടുന്നതിനോ നിർണ്ണയിക്കപ്പെടുന്ന കാലാവധിക്കുള്ളിൽ സ്റേററ് ഗവൺമെൻറ് മുമ്പാകെയോ ആ ഗവൺമെൻറ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന മററു അധികാരസ്ഥാനത്തിന് മുമ്പാകെയോ ഹർജി ഫയൽ ചെയ്യാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ഹർജി ഫയൽ ചെയ്യുന്നതിന് യാതൊരു ഫീസും ചുമത്താൻ പാടുള്ളതല്ല

(ഖ) സ്റേററ് ഗവൺമെൻറിനോ അത് വിനിർദ്ദേശിക്കുന്ന അധികാര സ്ഥാനത്തിനോ ഹർജിക്കാരന് പറയാനുള്ളത് പറയാൻ ന്യായമായ അവസരം നൽകിയതിനുശേഷം യുക്തമെന്ന് തോന്നുന്ന ഉത്തരവ് പാസാക്കാവുന്നതാണ്:

എന്നാൽ, ഈ വകുപ്പിൻ കീഴിൽ ഒഴിവാക്കിയതോ കുറവു ചെയ്തതോ ആയ പിഴത്തുക ഏതെങ്കിലും ആളിൽനിന്ന് വസൂലാക്കാൻ പാടില്ലാത്തതും (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു പ്രദേശത്തിലെ നിവാസികളുടെമേൽ ചുമത്തിയ ആകെ പിഴ അത്രത്തോളം കുറവു ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതും ആകുന്നു.

(4) (3)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്റേററ് ഗവൺമെൻറിന് ഈ ആക്ററിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിന് ഇരയായവരെയോ അതിൻെറ അഭിപ്രായത്തിൽ (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച ആളുകളുടെ വിഭാഗത്തിൽപ്പെടാത്തവരെയോ (1)-ാം ഉപവകുപ്പിൻ കീഴിൽ ചുമത്തിയ കൂട്ടപ്പിഴയോ അതിൻെറ ഏതെങ്കിലും ഭാഗമോ കൊടുക്കാനുള്ള ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കാവുന്നതാണ്.

(5) (ഹിന്ദു അവിഭക്ത കുടുംബം ഉൾപ്പെടെ) ഏതെങ്കിലും ആൾ കൊടുക്കേണ്ട കൂട്ടപ്പിഴയുടെ അംശം അങ്ങനെയുള്ള അംശം ഒരു മജിസ്ട്രേററ് ചുമത്തിയ പിഴയായിരുന്നാലെന്നപോലെ ഒരു കോടതി ചുമത്തുന്ന പിഴകൾ വസൂലാക്കുന്നതിനു ക്രിമിനൽ നടപടി നിയമ സംഹിത, 1973 (1974-ലെ 2) വ്യവസ്ഥ ചെയ്യുന്ന രീതിയിൽ വസൂലാക്കാവുന്നതാണ്.

**പിൻ കുററസ്ഥാപനത്തിൻമേൽ വർദ്ധിപ്പിച്ചദണ്ഡനം**

11. ഈ ആക്ററിൻ കീഴിലുള്ള ഒരു കുററത്തിനോ അങ്ങനെയുള്ള കുററത്തിനുള്ള പ്രേരണയ്ക്കോ കുററസ്ഥാപനം ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കെ അങ്ങനെയുള്ള ഏതെങ്കിലും കുററത്തിനോ പ്രേരണയ്ക്കോ വീണ്ടും കുററസ്ഥാപനം ചെയ്യപ്പെടുന്ന ഏതൊരാളും, അങ്ങനെയുള്ള കുററസ്ഥാപനത്തിൻമേൽ,—

(ക) രണ്ടാമത്തെ കുററത്തിന് ആറു മാസത്തിൽ കുറയാത്തതും ഒരു വർഷത്തിൽ കവിയാത്തതുമായ കാലത്തെ തടവുശിക്ഷയും കൂടാതെ ഇരുന്നൂറു രൂപയിൽ കുറയാത്തതും അഞ്ഞൂറു രൂപയിൽ കവിയാത്തതുമായ പിഴശിക്ഷയും,

(ഖ) മൂന്നാമത്തെ കുററത്തിനോ മൂന്നാമത്തേതിനുശേഷമുള്ള ഏതെങ്കിലും കുററത്തിനോ ഒരു വർഷത്തിൽ കുറയാത്തതും രണ്ടു വർഷത്തിൽ കവിയാത്തതുമായ കാലത്തെ തടവുശിക്ഷയും കൂടാതെ അഞ്ഞൂറുരൂപയിൽ കുറയാത്തതും ആയിരം രൂപയിൽ കവിയാത്തതുമായ പിഴശിക്ഷയും,

നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

**ചില സംഗതികളിൽ കോടതികളാലുള്ള അനുമാനം**

12. ഈ ആക്ററിൻ കീഴിലുള്ള ഒരു കുററമായിത്തീരുന്ന ഏതെങ്കിലും കൃത്യം, ഒരു പട്ടിക ജാതിയിലെ അംഗത്തെ സംബന്ധിച്ച് ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, വിപരീതമായത് തെളിയിക്കാത്തപക്ഷം, അങ്ങനെയുള്ള കൃത്യം "അസ്പൃശ്യത" കാരണമാക്കി ചെയ്യപ്പെട്ടിട്ടുള്ളതാണെന്ന് കോടതി അനുമാനിക്കേണ്ടതാകുന്നു.

**സിവിൽ കോടതികളുടെ അധികാരിതയുടെ പരിമിതി**

13. (1) ഏതെങ്കിലും വ്യവഹാരത്തിലോ നടപടിയിലോ, അടങ്ങിയ തീർച്ചയോ അല്ലെങ്കിൽ ഏതെങ്കിലും വിധിയോ ഉത്തരവോ പാസാക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും വിധിയോ ഉത്തരവോ, നടത്തുന്നതോ, ഏതെങ്കിലും വിധത്തിൽ ഈ ആക്ററിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാകുമെങ്കിൽ യാതൊരു സിവിൽ കോടതിയും, അങ്ങനെയുള്ള വ്യവഹാരമോ നടപടിയോ സ്വീകരിക്കുകയോ തുടരുകയോ അല്ലെങ്കിൽ അങ്ങനെയുള്ള വിധിയോ ഉത്തരവോ പാസാക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള വിധിയോ ഉത്തരവോ മുഴുവനായോ ഭാഗികമായോ നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) യാതൊരു കോടതിയും, ഏതെങ്കിലും വിഷയത്തെപ്പററി ന്യായനിർണ്ണയം ചെയ്യുന്നതിലോ അല്ലെങ്കിൽ ഏതെങ്കിലും വിധിയോ ഉത്തരവോ നടത്തുന്നതിലോ "അസ്പൃശ്യത" കാരണമാക്കി ആ ഏതെങ്കിലും ആളുടെമേൽ ഏതെങ്കിലും അവശത ചുമത്തുന്ന ഏതെങ്കിലും ആചാരമോ വഴക്കമോ അംഗീകരിക്കാൻ പാടുള്ളതല്ല.

14. (1) ഈ ആക്ററിൻ കീഴിലുള്ള ഒരു കുററം ചെയ്യുന്ന ആൾ കമ്പനി ആണെങ്കിൽ, ആ കുററം ചെയ്ത സമയത്ത്, കമ്പനിയുടെ ബിസ്സിനസിൻെറ നടത്തിപ്പിന്. കമ്പനിയുടെ ചാർജ്ജ് ഉണ്ടായിരിക്കുകയും കമ്പനിയോട് ഉത്തരവാദപ്പെട്ടിരിക്കുകയും ചെയ്തിരുന്ന ഏതൊരാളും ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും അർഹനാകുന്നതുമാണ് :

കമ്പനികളാലുള്ള കുററങ്ങൾ

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, തൻെറ അറിവു കൂടാതെയാണ് ആ കുററം ചെയ്തതെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുന്നത് തടയുവാൻ വേണ്ട എല്ലാ ശ്രദ്ധയും താൻ ചെലുത്തിയെന്നോ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻ കീഴിലുള്ള ഒരു കുററം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടേയോ മാനേജരുടേയോ, സെക്രട്ടറിയുടേയോ, മററ് ഉദ്യോഗസ്ഥൻെറയോ സമ്മതത്തോടുകൂടി ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ, മററുദ്യോഗസ്ഥനോകൂടി ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും അർഹനാകുന്നതും ആണ്.

<u>വിശദീകരണം</u>—ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്,—

(ക) 'കമ്പനി' എന്നാൽ, ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററ് സമാജമോ ഉൾപ്പെടുന്നതുമാകുന്നു ;

(ഖ) 'ഡയറക്ടർ' എന്നാൽ, ഒരു ഫേം സംബന്ധിച്ച്, ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നു.

14ക. (1) ഈ ആക്ററിൻ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ ചെയ്യാനുദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും സംബന്ധിച്ച് കേന്ദ്രഗവൺമെൻറിനോ ഒരു സ്റേററ് ഗവൺമെൻറിനോ എതിരായി യാതൊരുവ്യവഹാരവും പ്രാസിക്യൂഷനും അല്ലെങ്കിൽ മററു നിയമ നടപടിയും നിലനിൽക്കുന്നതല്ല.

ഉത്തമ വിശ്വാസപൂർവ്വംഎടുക്കുന്ന നടപടിക്ക് സംരക്ഷണം

(2) ഈ ആക്ററിൻ കീഴിൽ ഉത്തമവിശ്വാസ പൂർവ്വം ചെയ്യുന്നതോ ചെയ്യാനുദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും‌വഴി സംഭവിക്കുന്നതോ സംഭവിക്കാനിടയുള്ളതോ ആയ ഏതെങ്കിലും നാശനഷ്ടം സംബന്ധിച്ച് കേന്ദ്രഗവൺമെൻറിനോ ഒരു സ്റേററ് ഗവൺമെൻറിനോ എതിരായി യാതൊരു വ്യവഹാരവും അല്ലെങ്കിൽ മററു നിയമ നടപടിയും നിലനിൽക്കുന്നതല്ല.

15. (1) ക്രിമിനൽ നിയമ നടപടിസംഹിത, 1973-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതൊരു കുററവും കോഗ്നൈസബിൾ ആയിരിക്കുന്നതും, അങ്ങനെയുള്ള ഏതൊരു കുററവും, അത് ഏററവും ചുരുങ്ങിയത് മൂന്നു മാസത്തിൽ കവിയുന്ന കാലത്തെ തടവിന് ശിക്ഷിക്കപ്പെടാവുന്നതായിരിക്കുന്നിടത്തൊഴികെ, ഒരു ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററിനാലോ, മഹാനഗരപ്രദേശത്തിൽ ഒരു മഹാനഗര മജിസ്ട്രേററിനാലോ മുൻപറഞ്ഞ നിയമസംഹിതയിൽ വിനിർദ്ദേശിക്കുന്ന നടപടിക്രമം അനുസരിച്ച് സമ്മറിയായി വിചാരണ ചെയ്യപ്പെടേണ്ടതും ആകുന്നു.

കുററങ്ങൾ കോഗ്നൈസബിളും സമ്മറിയായി വിചാരണ ചെയ്യാവുന്നവയും ആയിരിക്കുമെന്ന്.

(2) ക്രിമിനൽ നടപടി നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും പബ്ലിക് സർവൻറ് തൻെറ ഔദ്യോഗിക കർത്തവ്യത്തിൻെറ നിർവ്വഹണത്തിൽ പ്രവർത്തിക്കുകയോ പ്രവർത്തിക്കുകയാണെന്ന് കരുതാവുന്നതായിരിക്കുകയോ ചെയ്യുമ്പോൾ, ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് പ്രേരണ നൽകുന്ന കുററം ചെയ്തിട്ടുള്ളതായി പറയപ്പെടുമ്പോൾ, യാതൊരു കോടതിയും—

(ക) യൂണിയൻ കാര്യങ്ങൾ സംബന്ധിച്ച് നിയോജിതനായ ആളുടെ സംഗതിയിൽ കേന്ദ്ര ഗവൺമെൻറിൻേറയും ;

(ഖ) ഒരു സ്റേററിൻെറ കാര്യങ്ങൾ സംബന്ധിച്ച് നിയോജിതനായ ആളുടെ സംഗതിയിൽ സ്റേററ് ഗവൺമെൻറിൻേറയും, മുൻ അനുമതിയോടൊഴികെ അങ്ങനെയുള്ള പ്രേരണക്കുററം നടപടിക്കെടുക്കാൻ പാടുള്ളതല്ല.

15 ക. (1) കേന്ദ്ര ഗവൺമെൻറ് ഇതിലേക്ക് ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, "അസ്പൃശ്യത" നിറുത്തലാക്കിയതിൽനിന്ന് ഉത്ഭവിക്കുന്ന അവകാശങ്ങൾ "അസ്പൃശ്യത"യിൽനിന്ന് ഉത്ഭവിക്കുന്ന എതെങ്കിലും അവശതക്ക് വിധേയമാക്കപ്പെടുന്ന ആളുകൾക്ക് ലഭ്യമാക്കുകയും അവരാൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നത് ഉറപ്പ് വരുത്തുന്നതിന് സ്റേററ് ഗവൺമെൻറ് ആവശ്യകമായ നടപടികൾ എടുക്കേണ്ടതാകുന്നു.

(2) പ്രത്യേകിച്ചും, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള നടപടികളിൽ—

(i) "അസ്പൃശ്യത",യിൽ നിന്ന് ഉത്ഭവിക്കുന്ന എതെങ്കിലും അവശതക്ക് വിധേയമാക്കപ്പെടുന്ന ആളുകൾക്ക്, അങ്ങനെയുള്ള അവകാശങ്ങൾ അവർക്ക് പ്രയോജനപ്പെടുത്താൻ കഴിവുണ്ടാക്കുന്നതിനായി നിയമസഹായം ഉൾപ്പെടെ പര്യാപ്തമായ സൌകര്യങ്ങൾ നൽകുന്നതും ;

(ii) ഈ ആക്ടിലെ വ്യവസ്ഥകളുടെ ഉല്ലംഘനത്തിനുള്ള പ്രാസിക്യൂഷനുകൾ ആരംഭിക്കുന്നതിനോ അവയുടെ മേൽനോട്ടത്തിനോ ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നതും ;

(iii) ഈ ആക്റ്റിൻകീഴിലെ കുററങ്ങളുടെ വിചാരണയ്ക്ക് പ്രത്യേക കോടതികൾ എർപ്പെടുത്തുന്നതും ;

(iv) അങ്ങനെയുള്ള നടപടികൾ രൂപവത്ക്കരിക്കുന്നതിലോ, നടപ്പാക്കുന്നതിലോ സ്റ്റേററ് ഗവൺമെൻറിനെ സഹായിക്കാൻ സ്റ്റേററ് ഗവൺമെൻറിന് യുക്തമെന്നു തോന്നുന്ന സമുചിതതലങ്ങളിൽ കമ്മിററികളെ ഏർപ്പെടുത്തുന്നതും ;

(v) ഈ ആക്റ്റിലെ വ്യവസ്ഥകൾ കൂടുതൽ മെച്ചപ്പെട്ടവിധം നടപ്പാക്കുന്നതിനു വേണ്ട നടപടികൾ നിർദ്ദേശിക്കാനുള്ള ലക്ഷ്യത്തോടെ ഈ ആക്റ്റിലെ വ്യവസ്ഥകളുടെ പ്രവർത്തനത്തിൻെറ ആനുകാലികമായ ഒരു പൊതുനിരീക്ഷണത്തിന് വ്യവസ്ഥ ചെയ്യുന്നതും ;

(vi) ആളുകൾ ''അസ്പൃശ്യത''യിൽ നിന്ന് ഉത്ഭവിക്കുന്ന ഏതെങ്കിലും അവശതയ്ക്ക് കീഴ്പ്പെട്ടിരിക്കുന്ന പ്രദേശങ്ങൾ തിരിച്ചറിയുന്നതും, അങ്ങനെയുള്ള പ്രദേശങ്ങളിൽനിന്ന് അങ്ങനെയുള്ള അവശത നീക്കം ചെയ്യുന്നത് ഉറപ്പ് വരുത്തുന്ന നടപടികൾ അംഗീകരിക്കുന്നതും,

ഉൾപ്പെടാവുന്നതാണ്.

(3) കേന്ദ്ര ഗവൺമെൻറ് (1)-ാം ഉപവകുപ്പിൻകീഴിൽ സ്റ്റേററ് ഗവൺമെൻറ് എടുക്കുന്ന നടപടികൾ ഏകോപിപ്പിക്കാൻ ആവശ്യകമായ നടപടികൾ എടുക്കേണ്ടതാകുന്നു.

(4) കേന്ദ്ര ഗവൺമെൻറ്, അതും സ്റ്റേററ് ഗവൺമെൻറുകളും ഈ വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് എടുക്കുന്ന നടപടികളുടെ ഒരു റിപ്പോർട്ട് ഓരോ വർഷവും പാർലമെൻറിൻെറ ഓരോ സഭയുടേയും മേശമേൽ വയ്ക്കേണ്ടതാണ്.

ഈ ആക്റ്റിന് മററ് നിയമങ്ങൾ സംബന്ധിച്ചിടത്തോളം അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

16. ഈ ആക്റ്റിൽ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, അവയ്ക്ക് അസംഗതമായി തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും ആചാരത്തിലോ വഴക്കത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിൻെറ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടേയോ മററ് അധികാരസ്ഥാനത്തിൻേറയോ വിധിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

കുററക്കാരുടെ പ്രൊബേഷൻ ആക്റ്റ്, 1958, പതിന്നാലു വയസ്സിൽ, മീതെയുള്ള ആളുകൾക്ക് ബാധകമാവുകയില്ലെന്ന്.

16 ക. കുററക്കാരുടെ പ്രൊബേഷൻ ആക്റ്റ്, 1958 ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററം ചെയ്തതിന് അപരാധിയായി കാണപ്പെടുന്ന പതിന്നാലു വയസ്സിൽ മീതെയുള്ള ഏതെങ്കിലും ആൾക്ക് ബാധകമായിരിക്കുന്നതല്ല.

ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം

16 ഖ. (1) കേന്ദ്ര ഗവൺമെൻറിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടി ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ കേന്ദ്രഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിൻെറ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവമുണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു ; എന്നാൽ അതു അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിൻെറയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

17. പട്ടികയിൽ വിനിർദ്ദിഷ്ടമാക്കിയിട്ടുള്ള അധിനിയമങ്ങരം, അവയോ റദ്ദാക്കൽ അവയിൽ അടങ്ങിയ വ്യവസ്ഥകളിൽ ഏതെങ്കിലുമോ ഈ ആക്ററിനോടോ ഈ ആക്ററിൽ അടങ്ങിയ ഏതെങ്കിലും വ്യവസ്ഥയോടോ തൽസ്ഥാനീയമോ വിരുദ്ധമോ ആയിരിക്കുന്നിടത്തോളം ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

## പട്ടിക

(17-ാം വകുപ്പ് നോക്കുക)

1. ദി ബീഹാർ ഹരിജൻ (റിമൂവൽ ആഫ് സിവിൽ ഡിസബിലിററീസ്) ആക്ററ്, 1949 (ബീഹാർ ആക്ററ് 1949-ലെ 19)
2. ദി ബോംബെ ഹരിജൻ (റിമൂവൽ ആഫ് സോഷ്യൽ ഡിസബലിററീസ്) ആക്ററ്, 1946 (ബോംബെ ആക്ററ് 1947-ലെ 10)
3. ദി ബാംബെ ഹരിജൻ ററെമ്പിറം എൻട്രി ആക്ററ് 1947 (ബോംബെ ആക്ററ് 1947-ലെ 35)
4. ദി സെൻട്രൽ പ്രാവിൻസസ് ആൻറ് ബിറാർ ഷെഡ്യൂഡ് കാസ്ററ്സ് (റിമൂവൽ ആഫ് സിവിൽ ഡിസബലിററീസ്) ആക്ററ്, 1947, (സെൻട്രൽ ബീരാർ ആക്ററ് XXIV ഓഫ് 1947)
5. ദി സെൻട്രൽ പ്രാവിൻസസ് ആൻറ് ബിറാർ ററെമ്പിറം എൻട്രി ആതറൈസേഷൻ ആക്ററ്, (സെൻട്രൽ പ്രോവിൻസസ് ആൻറ് ബിറാർ ആക്ററ് 1947-ലെ 41)
6. ദി ഈസ്ററ് പഞ്ചാബ് (റിമൂവൽ ആഫ് റിലിജിയസ് ആൻറ് സോഷ്യൽ ഡിസബിലിററീസ്) ആക്ററ്, 1948 (ഈസ്ററ് പഞ്ചാബ് ആക്ററ്, 1948-ലെ 16)
7. ദി മദ്രാസ് റിമൂവൽ ആഫ് സിവിൽ ഡിസബിലിററീസ് ആക്ററ്, 1938 (മദ്രാസ് ആക്ററ് 1938-ലെ 21)
8. ദി ഒറീസ്സാ റിമൂവൽ ആഫ് സിവിൽ ഡിസബിലിററീസ് ആക്ററ്. 1946 ഒറീസ്സാ ആക്ററ്, 1946-ലെ 11)
9. ദി ഒറീസ്സാ ററെമ്പിറം എൻട്രി ആതറൈസേഷൻ ആക്ററ്, 1948 (ഒറീസ്സാ ആക്ററ്, 1948-ലെ 11)
10. ദി യുണൈറഡ് പ്രാവിൻസസ് റിമൂവൽ ആഫ് സോഷ്യൽ ഡിസബിലിററീസ് ആക്ററ്, 1947 (യു. പി. ആക്ററ് 1947-ലെ 14)
11. ദി വെസ്ററ് ബംഗാരം ഹിന്ദു സോഷ്യൽ ഡിസബിലിററീസ് റിമൂവൽ ആക്ററ്, 1948 (വെസ്ററ് ബംഗാരം ആക്ററ് 1948-ലെ 37)
12. ദി ഹൈദരാബാദ് ഹരിജൻ ററെമ്പിറം എൻട്രി റഗുലേഷൻ, 1358 എഫ് (1358 ഫസിലിയിലെ 55-ാം നമ്പർ)
13. ദി ഹൈദരാബാദ് ഹരിജൻ (റിമൂവൽ ആഫ് സോഷ്യൽ സിസബിലിററീസ്) റഗുലേഷൻ, 1358 എഫ് (1358 ഫസിലിയിലെ 56-ാം നമ്പർ)
14. ദി മദ്ധ്യ ഭാരത് ഹരിജൻ അയോഗ്യതാ നിവാരൺ വിധാൻ സംവത് 2005 (മദ്ധ്യഭാരത് ആക്ററ് 1949-ലെ 15-ാം നമ്പർ)
15. ദി റിമൂവൽ ഓഫ് സിവിൽ ഡിസബിലിററീസ് ആക്ററ്, 1943 (മൈസൂർ ആക്ററ് 1943–ലെ 42)
16. ദി മൈസൂർ ററെമ്പിറം എൻട്രി ആതറൈസേഷൻ ആക്ററ്, 1948 (മൈസൂർ ആക്ററ് 1948-ലെ 14)
17. ദി സൗരാഷ്ട്രാ ഹരിജൻ (റിമൂവൽ ആഫ് സോഷ്യൽ ഡിസബിലിററീസ്) ആർഡിനൻസ് (1948-ലെ 40-ാം നമ്പർ)
18. തിരുവിതാംകൂർ-കൊച്ചി സാമൂഹ്യ അവശതകരം നീക്കം ചെയ്യൽ ആക്ററ്, 1125 (തിരുവിതാംകൂർ-കൊച്ചി ആക്ററ് 1125-ലെ 18)
19. തിരുവിതാംകൂർ-കൊച്ചി ക്ഷേത്രപ്രവേശന (അവശതകരം നീക്കം ചെയ്യൽ) ആക്ററ്, 1950 (തിരുവിതാംകൂർ-കൊച്ചി ആക്ററ് 1950-ലെ 22)
20. ദി കൂർഗ് ഷെഡ്യൂരംഡ് കാസ്ററ്സ് (റിമൂവൽ ആഫ് സിവിൽ ആൻറ് സോഷ്യൽ ഡിസബിലിററീസ്) ആക്ററ്, 1949 (കൂർഗ് ആക്ററ് 1949-ലെ 1)
21. ദി കൂർഗ് ററെമ്പിറം എൻട്രി ആതറൈസേഷൻ ആക്ററ്, 1949 (കൂർഗ ആക്ററ് 1949-ലെ 2)

---